"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൂക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീ.മനോഷ് ടി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ എ 1314/2023 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2503/2023/LSGD   തീയതി,തിരുവനന്തപുരം, 15-12-2023

---

പരാമർശം:-

1. ശ്രീ.മനോഷ് ടി സമർപ്പിച്ച അപ്പീൽ അപേക്ഷ (അനക്ഷർ എ13 )
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ എ 1314/2023 നമ്പർ കേസിലെ 13.07.2023ലെ അന്തിമ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 07.10.2023ലെ LSGD/PD/45778/2023-DEB3 നമ്പർ നടപടിക്രമം
4. 11.10.2023ൽ ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ 5ാം നമ്പർ തീരുമാനം

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 2023-ലെ പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം സ്ഥലംമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി അനുകമ്പാർഹമായ കാരണങ്ങളാൽ അർഹതപ്പെട്ട സ്ഥലമാറ്റം ലഭിക്കാത്തതിനെതിരെ തൂക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റായ ശ്രീ.മനോഷ് ടി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽചെയ്ത ഒഎ 1314/2023 നമ്പർ കേസിലെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവിൽ, ടി ഉത്തരവ് ലഭ്യമായി ഒരു മാസത്തിനുള്ളിൽ അപേക്ഷകന്റെ പരാമർശം (1) പ്രകാരമുള്ള അനക്ഷർ എ13 അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. അസുഖ ബാധിതനായ മകന്റെ സംരക്ഷണാർത്ഥം പന്തളം മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഓപ്ഷൻ നൽകിയിരുന്നെങ്കിലും ആയത് പരിഗണിച്ചില്ലെന്നും ട്യൂമർ ചികിത്സയിലുള്ള മകന്റെ ചികിത്സാർത്ഥം കംപാഷണേറ്റ് ഗ്രൗണ്ടിൽ പന്തളം മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് ഹർജികക്ഷിയുടെ പരാമർശം (1) പ്രകാരമുള്ള അനക്ഷർ എ13) അപ്പീൽ അപേക്ഷയിലെ ആവശ്യം..

3. ശ്രീ.മനോഷ് ടി യുടെ അപേക്ഷ അനുകമ്പാർഹം പരിഗണിച്ച് പൊതുസ്ഥലമാറ്റ അപേക്ഷയിലെ ടിയാന്റെ ഓപ്ഷനായ പത്തനംതിട്ടയിലെ ആറന്മുള ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ടെന്ന് പരാമർശം(3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. .

4. പൊതുസ്ഥലമാറ്റ അപേക്ഷയിലെ ഓപ്ഷനിൽപ്പെട്ട ആറന്മുള ഗ്രാമപഞ്ചായത്തിലേക്ക് ശ്രീ.മനോഷ്.ടി-യ്ക്ക് സ്ഥലം മാറ്റം നൽകിയിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഹരിക്കപ്പെട്ടിട്ടുള്ളതാണെന്ന് കണ്ട് അപ്പീൽ അപേക്ഷ തീർപ്പാക്കാവുന്നതാണെന്ന് പരാമർശം 4 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശ (4) തീരുമാന പ്രകാരം പരാമർശം (1) പ്രകാരമുള്ള അപ്പീൽ അപേക്ഷ

തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.അഡീഷണൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , ഇടുക്കി (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീ.മനോഷ് ടി , ആറൻമുള ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.178/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-12-2023 12:00:29
സെക്ഷൻ ഓഫീസർ